(എ) ചിറ്റൂർ നിയോജകമണ്ഡലത്തിലെ പടഞ്ഞേരി, നല്ലേറ്റുള്ളി സഹകരണ ബാങ്ക് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് വനിതകൾക്കുനേരെ നടന്ന അതിക്രമങ്ങളെ കുറിച്ച് വനിതാ കമ്മിഷൻ അന്വേഷണം നടത്തിയിരുന്നോ;

(ബി) ഈ അന്വേഷണത്തിന്റെ റിപ്പോർട്ട് ഗവൺമെന്റിനു സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്നാണ് ഈ റിപ്പോർട്ട് സമർപ്പിച്ചത്;

(ഡി) ഈ റിപ്പോർട്ടിനുമേൽ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്താമോ;

(ഇ) ഈ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) നടത്തിയിരുന്നു.

(ബി)-(ഇ) കമ്മിഷന്റെ ഒരു അഡ്ഹോക്ക് കമ്മിറ്റി സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ, കമ്മിഷന്റെ നിഗമനങ്ങളും ഏതാനും ശുപാർശകളും സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഈ ശുപാർശകൾ നിയമസഭയുടെ മുമ്പാകെ സമർപ്പിക്കാൻ നടപടികൾ എടുത്തുവരുന്നു.

ഭീകര പ്രവർത്തനം

53(1527)ശ്രീ. പാലോട് രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ഭീകരപ്രവർത്തനവും വിധ്വംസക പ്രവർത്തനവും നടന്നുവരുന്നുണ്ടോ?

(ബി) ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നത് ഏതെല്ലാം സംഘടനകളാണ് എന്നു പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്ന വ്യക്തികളിൽ പ്രമുഖർ ആരെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സാമ്പത്തികവും മറ്റു വിധത്തിലുള്ളതുമായ സഹായം അവർക്കെവിടെ നിന്നാണ് ലഭിക്കുന്നത്?

ഉത്തരം

(എ) ഇല്ല

(ബി)-(ഡി) ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങൾ

54(1529) ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം എത്ര കൊലപാതകങ്ങൾ ഉണ്ടായിട്ടുണ്ട്; ഈ കാലയളവിൽ എത്ര കൊലപാതകശ്രമം നടത്തിയിട്ടുണ്ട്; കൊലപാതകങ്ങളുടേയും കൊലപാതകശ്രമങ്ങളുടേയും ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly